**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2605** **27-02-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ വിജിലൻസ് സംവിധാനത്തിന്റെ നിലവിലെ പ്രവർത്തനരീതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ സംഘം നിയമം 68A പ്രകാരമാണ് സഹകരണ വിജിലൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. കേരള സംസ്ഥാനം മുഴുവൻ അധികാര പരിധിയോടുകൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ഡി.ഐ.ജി.) റാങ്കിലുള്ള ഉദ്യോഗസ്ഥൻ സഹകരണ വിജിലൻസ് ഓഫീസറായി തിരുവനന്തപുരം ആസ്ഥാനമായി സഹകരണ വിജിലൻസ് ഓഫീസും; ടിയാന്റെ കീഴിൽ ഡി.വൈ.എസ്.പി.മാരുടെ നിയന്ത്രണത്തിൽ ആലപ്പുഴ ആസ്ഥാനമായി ദക്ഷിണ മേഖലാ കാര്യാലയം, തൃശ്ശൂർ ആസ്ഥാനമായി മധ്യ മേഖലാ കാര്യാലയം, കണ്ണൂർ ആസ്ഥാനമായി ഉത്തര മേഖലാ കാര്യാലയം എന്നിങ്ങനെ 3 മേഖലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു.<br><br>സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും അന്വേഷണത്തിനായി നൽകുന്ന പരാതികൾ സഹകരണ വിജിലൻസ് ഓഫീസർ മുഖേന മേഖലാ ഓഫീസുകളിലെ ഡി.വൈ.എസ്.പി./ ഇൻസ്പെക്ടർ ഓഫ് പോലീസ് എന്നീ അന്വേഷണോദ്യോഗസ്ഥർക്ക് അയച്ചു കൊടുക്കുകയും, ടി ഡി.വൈ.എസ്.പി./ ഇൻസ്പെക്ടർമാരിൽ നിന്ന് ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടുകൾ സഹകരണ വിജിലൻസ് ഓഫീസറുടെ ശിപാർശയോടെ സമയബന്ധിതമായി തിരികെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച് പോരുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം | (ബി) | സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തി കൂടുതൽ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് പര്യാപ്തമായ രീതിയിൽ നിയമ ഭേദഗതി വരുത്തുന്നതാണ്. |

| | | | |
|---|---|---|---|
| | ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് തട്ടിപ്പുകൾ വ്യാപകമാകുന്ന സാഹചര്യത്തിൽ സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തി കൂടുതൽ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് പര്യാപ്തമായ രീതിയിൽ നിയമ ഭേദഗതി വരുത്തുന്നതാണ്. |
| (ഡി) | സഹകരണ രജിസ്ട്രാറുടെ നിയന്ത്രണത്തിൽ നിന്നുമാറ്റി സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഉൾപ്പെടെ സഹകരണ വിജിലൻസ് സംവിധാനത്തിന് കൂടുതൽ അധികാരങ്ങൾ നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തി കൂടുതൽ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് പര്യാപ്തമായ രീതിയിൽ നിയമ ഭേദഗതി വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ